## മുൻഗണനാ/മുൻഗണനേതര കരടു പട്ടിക സംബന്ധിച്ച FAQ

1) മുൻഗണനാ പട്ടിക എവിടെയാണ് പ്രസിദ്ധീകരിക്കുന്നത് ?

താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ആഫീസ്, റേഷൻ കടകൾ എന്നിവിടങ്ങളിലാണ് മുൻഗണന/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിക്കുന്നത്. www.civilsupplieskerala.gov.in എന്ന വെബ്സൈറ്റിലും ടി പട്ടിക ലഭ്യമാണ്.

2) മുൻഗണന/മുൻഗണനേതര പട്ടികയെ സംബന്ധിച്ച പരാതികൾ എവിടെയാണ് നൽകേണ്ടത് ?

താലൂക്ക് സപ്ലൈ ആഫീസിലും പഞ്ചായത്ത് ആഫീസിലും പരാതികൾ നൽകാവുന്നതാണ്.

3) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നത് എങ്ങനെയാണ് ?

2009 ലെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 2011 ലും 2012 ലും തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം കാർഡുടമകൾ രേഖപ്പെടുത്തി നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മാർക്കുകൾ രേഖപ്പെടുത്തി, റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്.

4) വെരിഫിക്കേഷൻ കമ്മിറ്റിയിൽ ആരൊക്കെയാണ് അംഗങ്ങൾ ?

പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവിനറുമായ കമ്മിറ്റിയിൽ വില്ലേജ് ആഫീസറും, ഐ.സി.ഡി.എസ് സൂപ്പർവൈസറും അംഗങ്ങളാണ്.

5) വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനം അന്തിമമാണോ ?

അല്ല.

6) വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനത്തിന് എതിരെ ആർക്കാണ് പരാതി നൽകേണ്ടത് ?

ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ സപ്ലൈ ആഫീസർ കൺവീനറുമായ അപ്പീൽ കമ്മിറ്റിയിൽ ജില്ലാ സോഷ്യൽ വെൽഫയർ ആഫീസർ, എ.ഡി.സി. ജനറൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അംഗങ്ങളാണ്.

7) എന്നുമുതലാണ് പരാതി നൽകേണ്ടത് ?

20-10-2016 മുതൽ 30-10-2016 വരെയാണ് പരാതി നൽകേണ്ടത്. ഒഴിവുദിവസങ്ങളിൽ പരാതി സ്വീകരിക്കുന്നതല്ല.

8) അപ്പീൽ കമ്മിറ്റിയ്ക്ക് പരാതി കൊടുക്കേണ്ടത് എപ്പോൾ ?

വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനത്തിനെതിരെ 7 ദിവസത്തിനകം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകേണ്ടതാണ്.

9) ഞാൻ നിലവിൽ ബി.പി.എൽ. കാർഡുടമയാണ്. എന്നാൽ പ്രസിദ്ധീകരിച്ച പട്ടികയിൽ എന്റെ പേരില്ല; എന്താണ് കാരണം ? ഞാൻ എന്ത് ചെയ്യണം ?

റേഷൻ കട വഴി വിതരണം ചെയ്ത ഫോറത്തിൽ താങ്കൾ എഴുതി നൽകിയ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് മാർക്ക് നൽകി റാങ്ക് ചെയ്തിട്ടുള്ളത്. താങ്കളെ ഉൾപ്പെടുത്തുന്നതിന് അടിസ്ഥാന രേഖകളുടെ പകർപ്പു സഹിതം വെരിഫിക്കേഷൻ കമ്മിറ്റിയ്ക്ക് പരാതി നൽകാവുന്നതാണ്.

10) ഞാൻ നിലവിൽ എ.എ.വൈ. കാർഡുകാരനാണ്. എന്നാൽ പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ എന്റെ പേര് ഉൾപ്പെട്ടിട്ടില്ല. എന്താണ് കാരണം ?

താങ്കൾ ഉൾപ്പെടുന്ന കാർഡിൽ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, സർവീസ് പെൻഷനേഴ്സ്, ആദായ നികുതി ഒടുക്കുന്നവർ, 1000 ചതുരശ്ര അടിയ്ക്ക് മുകളിൽ വീടുള്ളവർ, ഒരേക്കറിന് മുകളിൽ ഭൂമി, നാല് ചക്ര വാഹനം സ്വന്തമായുള്ളവർ, മാസവരുമാനം 25,000/- രൂപയിൽ അധികമുള്ളവർ എന്നിവരാരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ കാർഡ് എ.എ.വൈ. വിഭാഗത്തിൽ നിന്നും ഒഴിവാക്കുന്നതാണ്.

11) അനർഹർ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പരാതി നൽകുവാൻ കഴിയുമോ ?

കഴിയും; അനർഹരെ സംബന്ധിച്ച വിവരം പരാതിയിൽ എഴുതി നൽകിയാൽ മതിയാകും.

12) എന്താണ് സ്റ്റേറ്റ് പ്രയോറിറ്റി ?

ഒഴിവാക്കപ്പെടുന്ന മാനദണ്ഡപ്രകാരം ഒഴിവാകുന്ന വിഭാഗത്തിൽ (നോൺപ്രയോറിറ്റി) മാരകമായ അസുഖം പിടിപെട്ട ആരെങ്കിലും ഉണ്ടങ്കിൽ ചികിസ്ക്ക് ഉപയോഗിക്കുന്നതിനായി നൽകുന്ന കാർഡാണ് സ്റ്റേറ്റ് പ്രയോറിറ്റി.

13) എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് എന്ത് ആനുകൂല്യമാണ് ലഭ്യമാകുന്നത് ?

കാർഡൊന്നിന് 35 കിലോ അരി പ്രതിമാസം ലഭ്യമാകുന്നതാണ്.

14) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് ലഭ്യമാകുന്നത് എന്തെല്ലാമാണ് ?

കാർഡിൽ ഉൾപ്പെടുന്ന ഓരോ അംഗത്തിനും 5 കിലോ ഭക്ഷ്യ ധാന്യം ലഭ്യമാകുന്നതാണ്.

15) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തവർക്ക് റേഷൻ ലഭ്യമാകുമോ ?

ലഭ്യമാകും, വിതരണത്തോത് ഉടൻ തന്നെ തീരുമാനിച്ച് അറിയിക്കുന്നതാണ്.

16) തെറ്റുകൾ തിരുത്തുവാൻ കഴിയുമോ ?

കഴിയും. തെറ്റുകൾ രേഖപ്പെടുത്തി താലൂക്ക് സപ്ലൈ ആഫീസിൽ നൽകുക.

17) സ്ത്രീ കുടുംബനാഥയല്ലാത്തതുകൊണ്ടാണോ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തത് ?

അല്ല, താങ്കൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകിയിട്ടുണ്ട്. ആയത് പ്രകാരമണ് മുൻഗണന/മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുന്നത്.

18) മുൻഗണനാ പട്ടികയിൽ എന്റെ മാർക്ക് 50 ആണ്. എന്നാൽ എന്റെ തൊട്ടുമുകളിലുള്ള വ്യക്തിക്ക് എന്നെക്കാളും കുറഞ്ഞ മാർക്കായിട്ടും എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ട് കാണുന്നു. എന്താണ് കാരണം ?

നിലവിൽ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ അനർഹരായവരെ ഒഴിവാക്കി മറ്റുള്ളവരെയെല്ലാം തന്നെ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

19) എനിയ്ക്ക് ലഭ്യമായ മാർക്ക് 20 ആണ്. എന്നാൽ 15 മാർക്ക് ലഭ്യമായ വ്യക്തി എന്റെ മുമ്പിലായി കാണുന്നു. എന്താണ് കാരണം ?

പട്ടിക വർഗ്ഗം, ആശ്രയ വിഭാഗം, മാനസികവും ശാരീരികവുമായ വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവർ എന്നിവരെ നിർബന്ധിതമായും മുൻഗണനാ വിഭാഗത്തിൽ ഉൾക്കൊള്ളിയ്ക്കണമെന്നുള്ളതിനാൽ ടി വിഭാഗത്തിൽ ഉൾപ്പെട്ട അംഗങ്ങൾ ആരെങ്കിലും ടി കാർഡുകളിൽ ഉൾപ്പെടുന്നതിനാലാണ് കുറവ് മാർക്ക് ലഭ്യമായിട്ടും മുകളിൽ വരുവാൻ കാരണം.

20) കാർഡിൽ ഉൾപ്പെട്ട ഒരംഗം മരണപ്പെട്ടു. ടി വിവരം അറിയിച്ചാൽ ടി അംഗത്തെ കുറവ് ചെയ്യുമോ ?

ചെയ്യും, മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് നൽകിയാൽ മതി.

21) ഫോട്ടോ എടുത്തയാൾ മരണപ്പെട്ടു. ഞാൻ എന്താണ് ചെയ്യേണ്ടത് ?

പുതിയ കാർഡുകൾ നൽകി കഴിഞ്ഞ് മാത്രമേ ഇതിന്മേൽ നടപടി സ്വീകരിയ്ക്കുവാൻ കഴിയുകയുള്ളൂ.

22) കരട് പട്ടികയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ല. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുവാൻ എന്താണ് ചെയ്യേണ്ടത് ?

കാർഡ് പുതുക്കലിനായി നൽകിയ ഫാറത്തിൽ താങ്കൾ നൽകിയിട്ടുള്ള വിഭാഗത്തിന്റെ അടിസ്ഥാനത്തിലാണ് മാർക്ക് നൽകി റാങ്ക് ചെയ്തിട്ടുള്ളത്. കൂടുതൽ എന്തെങ്കിലും അവകാശമുന്നയിക്കാനുണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റിയ്ക്ക് പരാതി നൽകാവുന്നതാണ്.

23) വികലാംഗ / വിധവ യാണ്. എന്നാൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ല. എന്താണ് ചെയ്യേണ്ടത് ?

മാനസികവും ശാരീരികവുമായ വൈകല്യമുള്ളവർ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടേണ്ടവർ തന്നെയാണ്. എന്നാൽ കൂടുതൽ അർഹതയുള്ളവരുണ്ടെങ്കിൽ അവർക്ക് മുൻഗണനാ പട്ടികയിൽ ഉണ്ടാകുന്നതാണ്.

24) ഞാൻ 2009 ലെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. എന്താണ് ചെയ്യേണ്ടത് ?

2009 ലെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നത് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡം അല്ല. താങ്കൾ നൽകിയിരുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മുൻഗണന നിശ്ചയിക്കുന്നത്.

25) എനിക്ക് ലഭ്യമായ മാർക്ക് എങ്ങനെ അറിയുവാൻ കഴിയും ?

നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് പട്ടികയിൽ ഓരോ വിഭാഗത്തിനും ലഭ്യമായ മാർക്ക് നൽകിയിട്ടുണ്ട്. ആയതിൽ നിന്നും അറിയാവുന്നതാണ്.

26) മുൻഗണനാ പട്ടികയിൽ 'S' എന്ന് കാണിച്ചിരിക്കുന്നത് എന്താണ് ?

സംസ്ഥാന പ്രയോറിറ്റി കാർഡുകളാണ് 'S' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

27) വെരിഫിക്കേഷൻ കമ്മിറ്റിയിൽ പരാതി നൽകിയാൽ എന്റെ മരുമകളുടെ പേര് മറ്റൊരു കാർഡിൽ നിന്നും കുറവ് ചെയ്ത് എന്റെ കാർഡിൽ കൂട്ടി ചേർത്ത് നൽകുമോ ?

ഇല്ല. ഇപ്പോൾ നടക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയ ശേഷം മാത്രമേ കുറവ് ചെയ്യുവാനും കൂട്ടി ചേർക്കുവാനും കഴിയുകയുള്ളൂ.

28) നിലവിൽ പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ നാലു ചക്രവാഹനം ഉള്ളവർ കടന്ന് കൂടിയിട്ടുണ്ട്. എന്താണ് ചെയ്യേണ്ടത് ?

പരാതി നൽകുവാനുള്ള ഫോർമാറ്റിൽ വെരിഫിക്കേഷൻ കമ്മിറ്റിയ്ക്ക് അനർഹർ ഉൾപ്പെട്ട കാർഡ് നമ്പർ അറിയാമെങ്കിൽ ആയതും, കട നമ്പർ അറിയാമെങ്കിൽ ആയതും, അനർഹരായ ആളിന്റെ മേൽവിലാസവും നൽകിയാൽ മതിയാകുന്നതാണ്. അന്വേഷണം നടത്തി നടപടി സ്വീകരിയ്ക്കുന്നതാണ്.

29) ഫോണിൽ കൂടി പരാതി നൽകുവാൻ കഴിയുമോ ?

ഇല്ല. എന്നാൽ വ്യക്തമായി റേഷൻ കാർഡ് നമ്പർ നൽകുകയാണെങ്കിൽ അന്വേഷിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

30) എന്റേത് ഗ്രാമമാണ്. ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ലഭ്യമാകേണ്ടുന്ന 52. 63 % ജനറൽ കരട് മുൻഗണന പട്ടികയിൽ വന്നിട്ടില്ല. എന്താണ് കാരണം ?

2011 സെൻസസ് പ്രകാരം കേരളത്തിൽ 3.33 കോടി ജനങ്ങളാണ്. ഉള്ളത്. അവയിൽ ഗ്രാമ ജനസംഖ്യയുടെ 52.63 % വും നഗര ജനസംഖ്യയുടെ 39.5 % വും ജനങ്ങളായ 1.54 കോടി ജനങ്ങളാണ് മുൻഗണനാ പട്ടികയിൽ വരുന്നത്. സംസ്ഥാനതല റാങ്കിംഗ് ആണ് നടത്തിയിട്ടുള്ളത്. കേരളത്തെ മൊത്തത്തിൽ ഗ്രാമം, നഗരം എന്ന തരത്തിൽ രണ്ട് യൂണിറ്റായി കണക്കാക്കിയാണ് റാങ്ക് ചെയ്തിട്ടുള്ളത്. ആയതിനാൽ സംസ്ഥാന ശരാശരി ലഭ്യമാകുന്നതാണ്. ഓരോ ഗ്രാമം, നഗരം എന്ന രീതിയിൽ എടുക്കുമ്പോൾ ഏറ്റകുറച്ചിലുകൾ ഉണ്ടാകാവുന്നതാണ്.

31. വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനപ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും എന്ന് ഉറപ്പാക്കാൻ കഴിയുമോ ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരാതി നൽകുമ്പോൾ നൽകിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിലും, അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. ആയതിൻപ്രകാരം അർഹതയുടേയും മാർക്കിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാവുന്നതാണ്.

32. അന്തിമ പട്ടിക എങ്ങനെയാണ് തയ്യാറാക്കുന്നത് ?

വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനത്തിനെ അപ്പീൽ നൽകുകയും, സംസ്ഥാനമൊട്ടാകെയുള്ള അപ്പീലുകളുടെ നടപടി പൂർത്തീകരിച്ച് എന്ന് എല്ലാ ജില്ലാ സപ്ലൈ ആഫീസർമാരും അറിയിച്ചശേഷം, റാങ്കിംഗ് ചെയ്യുകയും ആയതിൻപ്രകാരം അന്തിമ പട്ടിക തയ്യാറാക്കുകയും ചെയ്യും .

33. ജില്ലാ കളക്ടറുടെ ഉത്തരവിൻപ്രകാരം ചികിത്സാർത്ഥം ബി.പി.എൽ കാർഡ് ലഭ്യമായ ഒരാളാണ് ഞാൻ. കരട് പട്ടികയിൽ എന്റെ കാർഡ് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തി കാണുന്നു. ഞാൻ എന്താണ് ചെയ്യേണ്ടത് ?

2015 ജനുവരി മാസം അപേക്ഷാ പ്രകാരം താങ്കൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മാർക്ക് നൽകി റാങ്ക് ചെയ്തിട്ടുള്ളത്. വിവരങ്ങൾ നൽകിയ ശേഷമാണ് അസുഖം പിടിപെട്ടിട്ടുള്ളതെങ്കിൽ ആയത് രേഖകളുടെ അടിസ്ഥാനത്തിൽ വെരിഫിക്കേഷൻ കമ്മിറ്റിയ്ക്ക് പരാതി നൽകിയാൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.